LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ കേന്ദ്രവിഹിതമായി 620074.32 ലക്ഷം ലഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലുറപ്പ് പദ്ധതിക്കായി സംസ്ഥാന വിഹിതമായി 12625.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി ഇതുവരെ 107382.14 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. അവിദഗ്ധ തൊഴിൽ വേതനത്തിനായി ലഭിച്ച മുഴുവൻ തുകയും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

40 (1511) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ ഏറ്റവും അവസാനമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ബ്ലോക്കുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെയും റീ-ടെണ്ടർ ചെയ്തശേഷം കരാർ വയ്ക്കാൻ കഴിയാത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

41 (1512) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജനയ്ക്കായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.